**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1544** **04.10.2016 ൽ മറുപടിക്ക്.**

**'കാരുണ്യ ബെനവലന്റ് പദ്ധതി'**

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | 'കാരുണ്യ ബെനവലന്റ് പദ്ധതി'യുടെ ആനുകൂല്യത്തിന് പുതുതായി ഏതെങ്കിലും രോഗത്തെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ; | എ) | കാരുണ്യ ചികിത്സാ പദ്ധതിയിൽ നിലവിലുള്ള രോഗങ്ങൾക്കുപുറമേ ലിക്കോഡിസ്ട്രോഫൈ സ്ട്രോക്ക്, സ്പൈനൽകോഡ് ഇൻജുറി, മസ്കുലാർ ഡിസ്ട്രോഫി തുടങ്ങിയ രോഗങ്ങൾ ബാധിച്ച് കിടപ്പിലായ തുടർ ചികിത്സ ആവശ്യമായ രോഗികൾക്ക് ചികിത്സയ്ക്കായി ആയുർവ്വേദ പഞ്ചകർമ്മ ചികിത്സകൾ ഉൾപ്പെടെയുള്ള ചികിത്സകൾക്ക് അതാതു ജില്ലാ കളക്ടർമാരുടെ അക്കൗണ്ട് വഴി ചികിത്സാ ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | കാരുണ്യ ബെനവലന്റ് പദ്ധതിയിൽ രോഗികൾ അടച്ച തുക തിരിച്ചു കിട്ടുന്നതിനും ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്ക് ഉടൻതന്നെ തുക ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | ബി) | കാരുണ്യ പദ്ധതി പ്രകാരം രോഗിക്ക് അനുവദിച്ച തുക ആദ്യഘട്ടത്തിൽ ആശുപത്രികൾക്കാണ് കൈമാറ്റം ചെയ്യുന്നത്. ആശുപത്രിയിൽ ചികിത്സയ്ക്കായി ഉപയോഗിച്ചശേഷം ബാക്കി തിരികെ പദ്ധതിയിൽ ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ റീഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ട അപേക്ഷയോടൊപ്പം ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ഒറിജനൽ ബില്ലുകൾ, ഡിസ്ചാർജ് സമ്മറി, രോഗിയുടെ ബാങ്ക് പാസ്ബുക്ക് കോപ്പി, മരണപ്പെട്ട കേസാണെങ്കിൽ ഡെത്ത് സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നീ രേഖകളും ഹാജരാക്കേണ്ടതുണ്ട്. എന്നാൽ അപേക്ഷകളിൽ അധികവും അപൂർണ്ണമായാണ് ലഭിക്കാറുള്ളത്. എല്ലാ രേഖകളും, ആശുപത്രിയിൽ നിന്നും ചികിത്സ കഴിഞ്ഞുള്ള ഫണ്ടും ലഭിച്ചാൽ ഉടൻ തന്നെ നടപടിക്രമം പാലിച്ച് തുക കൈമാറുന്നതാണ്. അപേക്ഷകൾ രോഗികളോ |

| | | | |
|---|---|---|---|
| | | | ബന്ധുക്കളോ നേരിട്ട് ആഫീസിൽ ഹാജരാക്കുന്ന അവസരത്തിൽ അപേക്ഷകളിലെ പോരായ്മകൾ നേരിട്ട് ശ്രദ്ധയിൽപ്പെടുത്തി എത്രയും പെട്ടെന്ന് ഹാജരാക്കുവാൻ നിർദ്ദേശിക്കാറുമുണ്ട്  തപാൽ മുഖേന ലഭിയ്ക്കുന്ന അപൂർണ്ണമായ അപേക്ഷകൾക്ക് യഥാസമയം തന്നെ ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിനായി രേഖാമൂലം ആവശ്യപ്പെടാറുമുണ്ട്. ഇവ രണ്ടും റീഇംബേഴ്സ്മെന്റ് തുക അനുവദിക്കുന്നതിന് കാലതാമസത്തിനുള്ള പ്രധാന കാരണങ്ങളാണ്. റീഫണ്ട് ലഭ്യമായതും പൂർണ്ണമായതുമായ അപേക്ഷകൾക്ക് റീഇംബേഴ്സ്മെന്റ് തുക അനുവദിച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു. ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്ക് നേരിട്ട് തുക കൈമാറുന്നില്ല. ഡയാലിസിസ് ചെയ്ത ആശുപത്രികൾക്കാണ് തുക നൽകി വരുന്നത്. |
| സി) | മാരകരോഗം മൂലം ബുദ്ധിമുട്ടുന്ന രോഗികൾക്ക് കാരുണ്യ പദ്ധതിവഴി കൂടുതൽ തുക ലഭ്യമാക്കുന്നതിനും പ്രസ്തുത പദ്ധതി വളരെ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കൂടുതൽ അസുഖങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | സി) | കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി വഴി ഹീമോഫീലിയ രോഗത്തിന് ഓരോ രോഗിയ്ക്കും പരിധിയില്ലാതെ തുക അനുവദിക്കുന്നുണ്ട്. കാരുണ്യ ചികിത്സാ പദ്ധതിയിൽ നിലവിലുള്ള രോഗങ്ങൾക്കു പുറമേ ലിക്കോഡിസ്ട്രോഫൈ സ്ട്രോക്ക്, സ്പൈനൽകോഡ് ഇൻജുറി, മസ്കുലാർ ഡിസ്ട്രോഫി തുടങ്ങിയ രോഗങ്ങൾ ബാധിച്ച് കിടപ്പിലായ, തുടർ ചികിത്സ ആവശ്യമായ രോഗികൾക്ക് ചികിത്സയ്ക്കായി ആയുർവ്വേദ പഞ്ചകർമ്മ ചികിത്സകൾ ഉൾപ്പെടെയുള്ള ചികിത്സകൾക്ക് അതാതു ജില്ലാ കളക്ടർമാരുടെ അക്കൗണ്ട് വഴി ചികിത്സാ ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.